**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.16 പ്രകാരം തടസ്സപ്പെടുത്തിയ 65,379/- രൂപയ്ക്ക് (അറുപത്തയ്യായിരത്തി മുന്നൂററി എഴുപത്തി ഒൻപത് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 1483/19/തസ്വഭവ. തിരുവനന്തപുരം, തീയതി: 16/07/2019**

**പരാമർശം:-** 1) പഞ്ചായത്ത് ഡയറക്ടറുടെ 30/08/2018 ലെ പി എ എൻ/21807/2018-എം 3 (ഡി പി) നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 28/05/2019-ലെ ഡി.കെ.എസ്.എ./ 1342/2018/പി റ്റി 1 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.16 പ്രകാരം ചെറുകിട നാമമാത്ര കർഷകരുടെ ഭൂമി 'കൃഷിക്കുപയുക്തമാക്കൽ' എന്ന പ്രവർത്തിയിൽ പെടുത്തി 'വാഴ വിത്ത് നടുന്നതിന് കുഴിയെടുക്കൽ' എന്ന പ്രവർത്തിയ്ക്ക് ചെലവഴിച്ച 65,379/- രൂപയ്ക്ക് തടസ്സവാദം ഉന്നയിച്ചിരുന്നു. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമി 'കൃഷിക്കുപയുക്തമാക്കൽ' എന്ന പ്രവർത്തിയിൽ പെടുത്തി 'വാഴ വിത്ത് നടുന്നതിന് കുഴിയെടുക്കൽ' എന്ന പ്രവർത്തിയ്ക്ക് ജില്ലാ സാങ്കേതിക സമിതി അംഗീകരിച്ച നിരക്ക് പ്രകാരം യൂണിറ്റിന് 6.86/- രൂപ മാത്രം അനുവദനീയമാണെന്നിരിക്കെ 11/- രൂപ നിരക്കിൽ നൽകിയിരുന്നു. കുഴിയെടുത്ത് വാഴ വിത്ത് വച്ചു നൽകുന്നതിനുള്ള നിരക്കാണ് നൽകിയിട്ടുള്ളതെങ്കിലും പ്രവർത്തിയുടെ ഭൗതിക നേട്ടം കുഴിയെടുപ്പിൽ മാത്രമായി ഒതുങ്ങി. ആയതിനാലാണ് ഓഡിറ്റിൽ ടി തുക തടസ്സപ്പെടുത്തിയത്. എന്നാൽ തേവലക്കര ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം വാർഡുകളിലും ഹാർഡ് സോയിൽ ആയതിനാൽ 70% ഹാർഡ് സോയിലിന്റേയും 30% ഓർഡിനറി സോയിലിന്റേയും നിരക്ക് ചേർത്ത് തയ്യാറാക്കിയ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്വ് ഡേറ്റാ പ്രകാരമാണ് ഒരു കുഴിക്ക് 11/- രൂപ നിരക്കിൽ നൽകിയത്. ചെറുകിട നാമമാത്ര കർഷകരുടെ ഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കലെന്ന പ്രവർത്തി മാത്രമെ നടപ്പിലാക്കിയിട്ടുള്ളൂ. അല്ലാതെ കുഴിയെടുത്ത് വാഴ വിത്ത് വച്ചു നൽകുന്നതിനുള്ള നിരക്ക് നൽകിയിട്ടില്ല. പഞ്ചായത്തിന്റെ സാധാരണക്കാരായ തൊഴിലാളികൾക്ക് തൊഴിൽ നൽകുവാൻ വേണ്ടി നടപ്പിലാക്കിയ ടി പദ്ധതിയിൽ യാതൊരു വിധത്തിലും പണം ദുർവിനിയോഗം നടന്നിട്ടില്ലാത്തതിനാലും സർക്കാർ ഫണ്ട് അനധികൃതമായി ഉപയോഗിച്ചിട്ടില്ലാത്തതിനാലും ഭൂമിശാസ്ത്ര പരമായ പ്രത്യേകത മൂലം ഉയർന്ന റേറ്റ് നൽകേണ്ടി വന്നതായതിനാലും ഓഡിറ്റ് തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണത്തിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. മേൽ പരാമർശിച്ച വസ്തുത അംഗീകരിക്കാവുന്നതാണെന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12/06/2018 ലെ 23(1)-ാം നമ്പർ തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13/06/2018 ലെ യോഗ തീരുമാനം എന്നിവ പരിഗണിച്ച് കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.16 പ്രകാരം തടസ്സപ്പെടുത്തിയ 65,379/- രൂപയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം ആഡിറ്റ് വകുപ്പ് ഡയറക്ടറും അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, ആഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിലെ ഖണ്ഡിക 3.16 പ്രകാരം തടസ്സപ്പെടുത്തിയ 65,379/- രൂപയ്ക്ക് (അറുപത്തയ്യായിരത്തി മുന്നൂറ്റി എഴുപത്തി ഒൻപത് രൂപ മാത്രം) സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**ജെയ്സി പോൾ**
**അണ്ടർ സെക്രട്ടറി**

സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
സെക്രട്ടറി, തേവലക്കര ഗ്രാമ പഞ്ചായത്ത്, കൊല്ലം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**